# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഭീകര സംഘടകൾക്കെതിരെ ആഗോള തലത്തിൽ സംയോജിത നടപടികൾ വേണമെന്ന ആവശ്യമുയർത്തി ഇന്ത്യയും ജപ്പാനും.

India and Japan call for integrated global action against terrorist organizations.

2.) ഇന്ത്യ-ഫ്രാൻസ് പങ്കാളിത്തം സുസ്ഥിര വളർച്ചയുടെ പുതിയ ഘട്ടത്തിന് വഴിയൊരുക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

Finance Minister Nirmala Sitharaman has said that the India-France Strategic Partnership is well placed to drive the next phase of sustainable, resilient and innovation-led growth.

3.) വെനസ്വേലയിൽ മരിച്ച ഇന്ത്യൻ നാവികൻറെ മൃതദേഹത്തിൽ നിന്നും ആന്തരികാവയവങ്ങൾ മാറ്റിയ സംഭവത്തിൽ സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് ഇന്ത്യ.

India has sought a thorough investigation by the Venezuelan authorities into the desecration and removal of organs from the mortal remains of late seafarer Rakesh Chauhan.

4.) സംസ്ഥാനത്ത് മദ്യ നയം സംബന്ധിച്ച ചർച്ചകൾ സർക്കാർ തുടങ്ങിയതായി എക്സൈസ് മന്ത്രി എം ലിജു. വീര്യം കുറഞ്ഞ മദ്യം വിൽക്കുന്ന കാര്യത്തിൽ, മദ്യ നയത്തിലൂടെ വ്യക്തത വരുത്തുമെന്നും മന്ത്രി.

Kerala Excise Minister M. Liju states that the government has initiated discussions regarding the state's liquor policy. The minister added that clarity regarding the sale of low-alcohol beverages will be provided through the policy.

5.) അമർനാഥ് തീർത്ഥാടനത്തിന് തുടക്കമായി. ആദ്യ സംഘം ഇന്ന് രാവിലെ പുറപ്പെട്ടു.

The annual Shri Amarnath Yatra began this morning. The first batch of pilgrims departed.

6.) ഫിഫ ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ- ഈജിപ്തിനെ നേരിടും. അർജന്റീന- കാബോ വെർദെ മത്സരം നാളെ പുലർച്ചെ 3.30 ന്.

In the FIFA World Cup today, Australia will face Egypt. The match between Argentina and Cabo Verde will take place tomorrow at 3:30 AM.

*****************

**INDIA JAPAN JOINT STATEMENT TERRORISM**

അതിർത്തി കടന്നുള്ള ഭീകരവാദത്തെ അപലപിച്ച് ഇന്ത്യയും ജപ്പാനും. എല്ലാ രൂപത്തിലുമുള്ള ഭീകരതയെയും ശക്തമായി അടിച്ചമർത്തണമെന്ന് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജപ്പാൻ പ്രധാനമന്ത്രി സനെയ് തകൈച്ചിയും സംയുക്തമായി ആഹ്വാനം ചെയ്തു. പഹൽഗാമിലും ഡൽഹിയിലും കഴിഞ്ഞ വർഷം നടന്ന ഭീകരാക്രമണങ്ങളെ ഇരുവരും അപലപിച്ചു. അൽ ഖ്വെയ്ദ, ISIS, ലഷ്കർ ഇ തയ്ബ തുടങ്ങിയ ഭീകര സംഘടകൾക്കെതിരെ സംയോജിത നടപടികൾ വേണമെന്നും നേതാക്കൾ വ്യക്തമാക്കി. മൂന്ന് ദിവസത്തെ

ഇന്ത്യ സന്ദർശനം പൂർത്തിയാക്കി ജാപ്പനീസ് പ്രധാനമന്ത്രി അൽപസമയം മുൻപ് മടങ്ങി.

*****************

**FM-FRANCE**

ഇന്ത്യ-ഫ്രാൻസ് പങ്കാളിത്തം സുസ്ഥിര വളർച്ചയുടെ അടുത്ത ഘട്ടത്തിന് വഴിയൊരുക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. പാരിസിൽ നടന്ന ഇന്ത്യ-ഫ്രാൻസ് ബിസിനസ് റൗണ്ട് ടേബിളിൽ സംസാരിക്കുകയായിരുന്നു അവർ. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഇരട്ടിയായതായും ആയിരത്തോളം ഫ്രഞ്ച് കമ്പനികൾ ഇന്ത്യയിൽ വിജയകരമായി പ്രവർത്തിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ആധാർ, യു.പി.ഐ തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ ഇന്ത്യ ആഗോള ഡിജിറ്റൽ സമ്പദ്വ്യവസ്ഥയിൽ മുൻപന്തിയിൽ നിൽക്കുകയാണ്. 2030-ഓടെ 500 ജിഗാവാട്ട് ഫോസിൽ ഇതര ഇന്ധന ശേഷി കൈവരിക്കുകയാണ് രാജ്യത്തിൻറെ ലക്ഷ്യമെന്നും ശ്രീമതി നിർമ്മലാ സീതാരാമൻ വ്യക്തമാക്കി.

*****************

**OM BIRLA(INTRO)**

ജീവിതത്തിൽ പുതിയ കാര്യങ്ങൾ പഠിക്കുവാനും , പുതിയ അനുഭവങ്ങൾ ഉൾക്കൊള്ളുവാനും നിയമസഭാ അംഗങ്ങൾ ശ്രമിക്കണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർല . പശ്ചിമ ബംഗാൾ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങൾക്കായുള്ള രണ്ടു ദിവസത്തെ ഓറിയന്റേഷൻ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. നിയമസഭയ്ക്കുള്ളിൽ അംഗങ്ങൾ നടത്തുന്ന യുക്തിസഹവും, വസ്തുതാപരവുമായ ചർച്ചകളിലൂടെയാണ് നേതൃത്വം കൂടുതൽ മികച്ചതാകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

( ഹോൾഡ് വോയിസ് )

*****************

## MY BHARAT CONCLAVE

2047-ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ രാജ്യത്തെ യുവജനങ്ങൾ നിർണായകപങ്ക് വഹിക്കുമെന്ന് കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ യുവജനകാര്യ വകുപ്പ് സംഘടിപ്പിച്ച 'മൈ ഭാരത് ഇൻഡസ്ട്രി അസോസിയേഷൻ കോൺക്ലേവിൽ' സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യവസായ മേഖലയും മൈ ഭാരതും തമ്മിലുള്ള സഹകരണം ദേശീയ പുരോഗതി വേഗത്തിലാക്കാൻ സഹായിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. ASSOCHAM, FICCI, CII തുടങ്ങിയ വ്യവസായ സംഘടനകൾ കോൺക്ലേവിൽ പങ്കെടുത്തു.

*****************

## EMBASSY IN VENEZUELA- RAKESH CHAUHAN

വെനസ്വേലയിൽ അന്തരിച്ച ഇന്ത്യൻ നാവികൻ രാകേഷ് ചൗഹാന്റെ മൃതദേഹത്തിൽ നിന്നും ആന്തരികാവയവങ്ങൾ മാറ്റിയ സംഭവത്തിൽ സമഗ്രമായ അന്വേഷണം ആവശ്യപ്പെട്ട് ഇന്ത്യ. വിഷയത്തിൽ പ്രാദേശിക അധികാരികളുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്ന് കാരക്കാസിലെ ഇന്ത്യൻ എംബസി അറിയിച്ചു.

*****************

## PM VISIT- RAJASTHAN/GUJARAT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജസ്ഥാനിലും ഗുജറാത്തിലും ഔദ്യോഗിക സന്ദർശനം നടത്തും. രാജ്യത്തിന്റെ വ്യോമയാന, ഊർജ, സെമികണ്ടക്ടർ മേഖലകൾക്ക് കരുത്തുപകരുന്ന വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം ഇരു സംസ്ഥാനങ്ങളിലുമായി തുടക്കം കുറിക്കും. ജോധ്പൂർ വിമാനത്താവളത്തിലെ 480 കോടി രൂപ ചെലവിൽ നിർമ്മിച്ച പുതിയ ടെർമിനൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. പ്രാദേശിക വ്യോമയാന വികസനം ലക്ഷ്യമിട്ടുള്ള പരിഷ്കരിച്ച 'ഉഡാൻ' പദ്ധതിയും ഇതോടൊപ്പം അവതരിപ്പിക്കും. 13,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ജയ്പൂർ മെട്രോ രണ്ടാം ഘട്ടത്തിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി

നിർവഹിക്കും. വൈകുന്നേരത്തോടെ ഗുജറാത്തിലെത്തുന്ന ശ്രീ മോദി സാനന്ദിലെ സെമികണ്ടക്റ്റർ അസംബ്ലി ആൻഡ് ടെസ്റ്റ് ഫെസിലിറ്റി ഉദ്ഘാടനം ചെയ്യും.

*****************

## M LIJU PRESS MEET( INTRO )

സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യം വിൽക്കുന്ന കാര്യം സംബന്ധിച്ച് മദ്യ നയത്തിൽ വ്യക്തത വരുത്തുമെന്ന് മന്ത്രി എം ലിജു . മദ്യ നയം സംബന്ധിച്ച ചർച്ചകൾ സർക്കാർ തുടങ്ങിയതായും മന്ത്രി വാർത്ത സമ്മേളനത്തിൽ പറഞ്ഞു . നികുതി ഘടന മുൻകൂട്ടി നിശ്ചയിച്ചു എന്ന് മാത്രമേ ഉള്ളൂ എന്നും സർക്കാരിന്റെ വിജ്ഞാപനം വന്നാൽ മാത്രമെ അത് നടപ്പിൽ വരൂ എന്നും അദ്ദേഹം പറഞ്ഞു.
(ഹോൾഡ് വോയിസ് )

*****************

## PLUS ONE-allotment

പ്ലസ് വൺ മെറിറ്റ് വിഭാഗത്തിനുള്ള പ്രവേശന നടപടികൾ ഇന്ന് അവസാനിക്കും. മൂന്നാമത്തേതും അവസാനത്തേയും ഘട്ട അലോട്ട്മെൻറ് ലഭിച്ചവരുടെ പ്രവേശനം വൈകിട്ട് അഞ്ചു മണിക്ക് പൂർത്തിയാകും.

*****************

## AMARNATH YATRA

അമർനാഥ് തീർത്ഥാടനത്തിന് ജമ്മു കശ്മീരിൽ ഇന്ന് തുടക്കമായി. 3,880 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഗുഹാക്ഷേത്രത്തിലേക്ക്, ബേസ് ക്യാമ്പിൽ നിന്ന് പുറപ്പെട്ട ആദ്യ സംഘത്തിൽ 4,822 തീർത്ഥാടകരാണുള്ളത്. 57 ദിവസം നീളുന്ന അമർനാഥ് തീർത്ഥാടനം അടുത്ത മാസം 28-നാണ് സമാപിക്കുക. യാത്രയ്ക്കായുള്ള രണ്ടാം സംഘം ജമ്മുവിൽ നിന്ന് ഇന്ന് രാവിലെ യാത്ര ആരംഭിച്ചു. ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന അമർനാഥ് യാത്രയ്ക്കായി മെഡിക്കൽ ക്യാമ്പുകൾ ഉൾപ്പെടെ വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. അമർനാഥ് തീർത്ഥാടകർക്ക് ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ ആശംസ നേർന്നു.

*****************

## ECI- TRINAMOOL

തൃണമൂൽ കോൺഗ്രസിലെ ഇരു വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തിൽ വിശദീകരണം തേടി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. സംഘടനാ തെരഞ്ഞെടുപ്പ്, നേതൃത്വ ചുമതലകൾ എന്നിവയുമായി ബന്ധപ്പെട്ട് മമതാ ബാനർജിക്കും, റിതബ്രത ബാനർജിക്കും വെവ്വേറെ കത്തയച്ചതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അടുത്ത തിങ്കളാഴ്ചയ്ക്കകം ഇരുവിഭാഗവും മറുപടി നൽകണമെന്നാണ് കമ്മീഷന്റെ നിർദ്ദേശം.

*****************

## KHAMENEI FUNERAL

ഇറാന്റെ മുൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനയിയുടെ സംസ്കാര ചടങ്ങുകളിൽ, മകനും നിലവിലെ പരമോന്നത നേതാവുമായ മൊജ്തബ ഖമനയി പങ്കെടുക്കില്ലെന്ന് റിപ്പോർട്ട്. മൊജ്തബ ഖമനയിക്ക് നേരെ വധഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിലാണ് തീരുമാനം. നാളെ മുതൽ ഈ മാസം 9 വരെ ഇറാനിലും ഇറാഖിലുമായാണ് സംസ്കാര ചടങ്ങുകൾ നടക്കുന്നത്. ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യ സഹമന്ത്രി പബിത്ര മർഗരിറ്റയും ബീഹാർ ഗവർണർ സയ്യിദ് അതാ ഹസ്സൈനും സംസ്കാര ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്. അതേസമയം മൊജ്തബ ഖമനയിയ്ക്ക് നേരെയുള്ള വധഭീഷണികളിൽ നിന്ന് ഇസ്രായേലിനെ പിന്തിരിപ്പിക്കണമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരഗ്ചി യു.എസിനോട് ആവശ്യപ്പെട്ടു. ഇറാന് നേരെയുള്ള ഏത് ഭീഷണികൾക്കും ശക്തമായ മറുപടി നൽകുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

*****************

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോൾ നോക്ക് ഔട്ടിൽ ക്രൊയേഷ്യയെ ഒന്നിനെതിരെ 2 ഗോളുകൾക്ക് പരാജയപ്പെടുത്തി പോർച്ചുഗൽ പ്രീക്വാർട്ടറിൽ കടന്നു. രാവിലെ

നടന്ന മത്സരത്തിൽ അൾജീരിയയെ ഏകപക്ഷീയമായ 2 ഗോളുകൾക്ക് പരാജയപ്പെടുത്തി സ്വിറ്റ്സർലൻഡും പ്രീക്വാർട്ടറിൽ പ്രവേശിച്ചു. ഇന്ന് രാത്രി 11.30നാണ് ഓസ്ട്രേലിയ- ഈജിപ്ത് മത്സരം. നാളെ പുലർച്ചെ 3.30ന് നടക്കുന്ന നോക്ക് ഔട്ടിൽ ലോക ചാമ്പ്യൻമാരായ അർജന്റീന, നവാഗതരായ കാബോ വെർദെയെ നേരിടും. കൊളംബിയ- ഘാന മത്സരം നാളെ രാവിലെ 7 മണിക്കാണ്.

*****************

## KERALA -RAIN

സംസ്ഥാനത്തെ മിക്ക ജില്ലകളിലും ഇന്ന് ശക്തമായ മഴ ലഭിക്കാൻ സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. 9 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും കർണാടക തീരത്ത് തിങ്കളാഴ്ച വരേയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*****************

## CENSUS

സെൻസസിന്റെ ഭാഗമായി വീടുകളിൽ എത്തിയുള്ള വിവര ശേഖരണം പുരോഗമിക്കുന്നു. കേരളത്തിൽ ഈ മാസം 30 വരെയാണ് സെൻസസിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടക്കുക. വീടുകളുടെ സെൻസസും, പട്ടിക തയ്യാറാക്കലും ഈ ഘട്ടത്തിൽ നടക്കും. രണ്ടാം ഘട്ടമായ ജനസംഖ്യ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലാണ് നടക്കുക.

*****************

## AIR SUVIDHA

രാജ്യത്തെ വിമാനത്താവളങ്ങളിൽ എബോള പരിശോധനയ്ക്കായി എയർ സുവിധ 2.0 പോർട്ടൽ ആരംഭിച്ച് വ്യോമയാന മന്ത്രാലയം. ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസും ഡൽഹി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും സംയുക്തമായാണ് ഈ ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിച്ചത്.

*****************

## MEA-OP AMISTAD

ഭൂകമ്പത്തിൽ കനത്ത നാശനഷ്ടം നേരിട്ട വെനസ്വേലയിലേക്ക് 'ഓപ്പറേഷൻ അമിസ്റ്റാദ്' വഴി മാനുഷിക സഹായം എത്തിക്കുന്നത് വിപുലീകരിച്ച് ഇന്ത്യ. ദുരന്തബാധിത മേഖലയിൽ ഇന്ത്യൻ ആർമി ഫീൽഡ് ഹോസ്പിറ്റൽ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*****************

## WORKSHOP- PANCHAYATI RAJ

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ സംസ്ഥാന പഞ്ചായത്തീരാജ് മന്ത്രിമാരുടെ ദേശീയ ശില്പശാല സംഘടിപ്പിക്കും. പതിനാറാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ചർച്ച ചെയ്യുന്നതിനായാണ് ശില്പശാല.

*****************

************

****